ഉത്തരം

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ സിവിൽ പോലീസ് ആഫീസറായിരുന്ന ശ്രുപേഷിന്റെ അമ്മ സമർപ്പിച്ച മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ചിരുന്നതും ടി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെരിഫിക്കേഷനും സർട്ടിഫിക്കേഷനും ശേഷം പുനർ സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ടി ക്ലെയിം വെരിഫിക്കേഷനും സർട്ടിഫിക്കേഷനുമായി 23-7-2015-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചിട്ടുള്ളതാണ്. ആയത് തിരികെ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുവാൻ കഴിയും.

വിജിലൻസ് ഡയറക്ടറായി ഡി.ജി.പി. റാങ്കിലുള്ളവരുടെ നിയമനം

222 (3734) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡി.ജി.പി റാങ്കിലുള്ളവർ സർവ്വീസിലുണ്ടായിരിക്കെ, വിജിലൻസ് ഡയറക്ടർ വിൻസൺ എം. പോൾ റിട്ടയർ ചെയ്തതിന് ശേഷം തൽസ്ഥാനത്ത് അത്തരമൊരു ഉദ്യോഗസ്ഥനെ നിയോഗിക്കാതിരുന്നത് എന്തുകൊണ്ടാണ്?

ഉത്തരം

വിജിലൻസ് ഡയറക്ടറായ ശ്രീ. വിൻസൺ എം. പോൾ ഐ.പി.എസ്. 30-11-2015-ൽ റിട്ടയർ ചെയ്ത ഒഴിവിൽ എ.ഡി.ജി.പി. (ഗ്രേഡ് -I) ചുമതല വഹിച്ചിരുന്ന ശ്രീ. എൻ. ശങ്കർ റെഡ്ഡി ഐ.പി.എസ്. -നെ ഭരണ സൗകര്യാർത്ഥം 30-11-2015 -ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 8596/2015/പൊ.ഭ.വ. പ്രകാരം വിജിലൻസ് ഡയറക്ടറുടെ പൂർണ്ണ അധികാര ചുമതല നൽകി നിയമിക്കുകയാണുണ്ടായത്.

മാവേലിക്കര മണ്ഡലത്തിൽ ഫയർ & റസ്ക്യൂ സർവ്വീസ്

223 (3735) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രമാക്കി ഫയർ& റസ്ക്യൂ സർവ്വീസ്ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കുറത്തികാട് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly